**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **08-02-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ പക്ഷിപ്പനി ബാധിച്ചതുമൂലം എത്ര പക്ഷികളെയാണ് കൊന്നൊടുക്കേണ്ടി വന്നിട്ടുള്ളത് എന്നതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | **പക്ഷിപ്പനി ബാധിച്ചത് മൂലം ഒക്ടോബർ 2022 മുതൽ ജനുവരി 2023 വരെ കൊന്നൊടുക്കേണ്ടി വന്ന പക്ഷികളുടെ എണ്ണം- 456881** |
| (ബി) | ഇതുമൂലം ഈ മേഖലയിലെ കർഷകർക്കും സംരംഭകർക്കും ഉണ്ടായ നഷ്ടത്തിന്റെ കണക്ക് വ്യക്തമാക്കാമോ; | (ബി) | **വളർത്തു പക്ഷികളെ കൊന്നു നശിപ്പിച്ച ഇനത്തിൽ 97,88,100/- രൂപയുടെയും പക്ഷിപ്പനി മൂലം പക്ഷികൾ ചത്ത ഇനത്തിൽ 16,34,100/- രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കുന്നു.** |
| (സി) | ഇവർക്ക് നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | **2014 മുതൽ 2022 മാർച്ച് 31 വരെ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ അപേക്ഷകൾക്കും സംസ്ഥാന സർക്കാരിന്റെ ജന്തു രോഗനിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ ആകെ 22,12,21,446 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിന്റെ കേന്ദ്രവിഹിതമായ 4.45കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുവാനുണ്ട്.** |
| (ഡി) | പക്ഷിപ്പനി നിർമ്മാർജ്ജനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | **പക്ഷിപ്പനി തടയുന്നതിന് ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവ സുരക്ഷാ ശക്തിപ്പെടുത്തൽ, രോഗബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കൽ, ഫീൽഡിലെ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തുക എന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗനിർദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവു ചെയ്യുന്നു. അതോടൊപ്പം രോഗബാധിത** |

| | | | |
|---|---|---|---|
| | | | **പ്രദേശത്ത് പക്ഷികൾ, മുട്ടകൾ, തീറ്റ, മാംസം, കാഷ്ഠം എന്നിവ ശാസ്ത്രീയമായി നശിപ്പിക്കുന്നു. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശങ്ങളിലെ കോഴിക്കടകളും മുട്ട വില്പന കേന്ദ്രങ്ങളും പൂർണമായി അടച്ചിടുന്നു. കള്ളിംഗ്, സാനിറ്റേഷൻ എന്നീ നടപടികൾ പൂർത്തിയായാലുടൻ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. 1 കിലോമീറ്റർ മുതൽ 10 കിലോമീറ്റർ ചുറ്റളവിൽ നിരീക്ഷണ മേഖലകളിൽ 90 ദിവസത്തേക്ക് അകത്തേയ്ക്കും പുറത്തേക്കും പക്ഷികൾ, പക്ഷി മുട്ട, കാഷ്ഠം എന്നിവയുടെ കടത്തൽ നിരോധിച്ചിരിക്കുന്നു. ആക്ഷൻ പ്ലാൻ പ്രകാരം പോസ്റ്റ് ഓപ്പറേഷൻ സർവ്വയലൻസ് പദ്ധതിയുടെ ഭാഗമായി ഓരോ രണ്ടാഴ്ച കൂടുമ്പോഴും (4തവണ) സർവ്വയലൻസ് മേഖലയിൽ നിന്നും വളർത്തു പക്ഷികളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഭോപ്പാലിലെ NIHSAD ലാബിൽ അയക്കുന്നു. ആയതിന്റെ റിസൾട്ട് നെഗറ്റീവ് ആണെങ്കിൽ മാത്രമേ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന് 3 മാസത്തിനുശേഷം 1 കിലോമീറ്റർ ചുറ്റളവിൽ പക്ഷികളെ വളർത്താൻ അനുവദിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ